ജി (1) 58707/14

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം. തീയതി : 31.01.2015

E-mail : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax: 0471-2331513

# സർക്കുലർ നമ്പർ 07/2015

വിഷയം : 1969 ലെ കേരള സഹകരണ സംഘം ചട്ടം ഭേദഗതി – സംഘത്തിലെ തിരഞ്ഞെടുപ്പുകൾക്കുള്ള ഫീസ് – പുതിയ ശീർഷകം – സംബന്ധിച്ച്.

സൂചന: 1. സർക്കാരിന്റെ 27.12.2014 ലെ GO (Rt.) No. 9759/2014/Fin. നമ്പർ ഉത്തരവ്.
2. സഹകരണ സംഘം രജിസ്ട്രാറുടെ 58/2014 നമ്പർ സർക്കുലർ.

2014 ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ചട്ടങ്ങൾ പ്രകാരം 1969 ലെ കേരള സഹകരണ സംഘം ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും ആയതനുസരിച്ച് വിവിധ സേവനങ്ങൾക്കുള്ള പുതുക്കിയ ഫീസ് നിരക്കുകളും ശീർഷകങ്ങളും സംബന്ധിച്ചുള്ള വിവരങ്ങൾ സൂചന (2) പ്രകാരം അറിയിക്കുകയും ചെയ്തിരുന്നു. ചട്ടം 35 D (1) പ്രകാരം സംഘം ഭരണസമിതിയിലേക്കും പ്രാതിനിധ്യ പൊതുയോഗത്തിലേക്കും തിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള ഫീസ് നിരക്കുകളും, പുതിയ ശീർഷകം അനുവദിക്കുന്നതുവരെ ആയത് ഒടുക്കുന്നതിനുള്ള താത്കാലിക ശീർഷകവും ടി സർക്കുലറിൽ പരാമർശിച്ചിരുന്നു. ടി സേവനങ്ങൾക്കുള്ള ഫീസ് ഒടുക്കുന്നതിന് 0425 - Co-operation – 501 - Services and Service Fees-99- Election Fees എന്ന പുതിയ ശീർഷകം സൂചന (1) പ്രകാരം സർക്കാർ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കേരള സഹകരണ സംഘം ചട്ടം 35 D (1) പ്രകാരമുള്ള ഫീസ് നിരക്കുകൾ ഇനിമുതൽ മേൽ പരാമർശിച്ച ശീർഷകത്തിൽ മാത്രമേ ഒടുക്കാവു എന്നറിയിക്കുന്നു. പുതിയ ശീർഷകം സംബന്ധിച്ച വിവരം എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാരും ജില്ലകളിലെ സംഘങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും അപ്രകാരം തന്നെയാണ് ഫീസ് ഒടുക്കുന്നതെന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

ഒപ്പ്
**എസ്. ലളിതാംബിക ഐ.എ.എസ്.**
**സഹകരണസംഘം രജിസ്ട്രാർ**

പകർപ്പ്

1) സെക്രട്ടറി, കേരള നിയമസഭ (ഉപരിപത്രം സഹിതം)
2) രജിസ്ട്രാർ, കേരള ഹൈക്കോടതി (ഉപരിപത്രം സഹിതം)
3) സഹകരണ ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

SP/31.01.2015

4) സംസ്ഥാന സഹകരണ തിരഞ്ഞെടുപ്പ് കമ്മീഷൻ കോ-ബാങ്ക് ടവേഴ്സ്, തിരുവനന്തപുരം.
5) എല്ലാ അപ്പക്സ് സ്ഥാപനങ്ങൾക്കും/ബാങ്കുകൾക്കും
6) എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും
7) എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
8) ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
9) ജോയിന്റ് ഡയറക്ടർമാർക്കും
10) അസിസ്റ്റൻ രജിസ്ട്രാർ (ജനറൽ)മാർക്കും/അസിസ്റ്റൻറ് ഡയറക്ടർമാർക്കും
11) എഡിറ്റർ, സഹകരണ വീഥി/ സഹകരണ ജേർണൽ
12) ഈ ഓഫീസിലെ എല്ലാ ആഫീസർമാർക്കും
13) വെബ്സൈറ്റ്
14) സ്റ്റോക്ക് ഫയൽ.

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)